# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **190** — **26.03.2013**- ലെ മറുപടിക്ക്

## സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കുന്ന നിലപാടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. ജി. സുധാകരൻ:<br>ശ്രീ. എം. ഹംസ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നിലപാടുകൾ തിരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ സഹകരണ മേഖലയെ സ്വാധീനിക്കുന്ന കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നയങ്ങൾ രൂപീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കാറുണ്ട്. കൂടാതെ ടി വിഷയങ്ങൾ എം.പി. മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിനും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും നടപടി സ്വീകരിക്കാറുണ്ട്. |
| ബി) ഇപ്പോൾ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് പ്രതികൂലമായി തീർന്നിട്ടുള്ള നിലപാടുകൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്; | ബി) ബാങ്കിംഗ് റഗുലേഷൻ ഭേദഗതി നിയമം, കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച പ്രത്യേക്ഷ നികുതി ബിൽ, റിസർവ്വ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റിയുടെ റിപ്പോർട്ട്, സഹകരണ ബാങ്കുകൾക്ക് സേവന നികുതി ബാധകമാക്കിയത് എന്നിവ സംസ്ഥാനത്തെ സഹകരണ മേഖലയെ ബാധിക്കുമെന്ന് കരുതുന്നു. |

| | |
|---|---|
| സി) കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കും പ്രസ്തുത നിലപാടുകൾ സ്വീകരിക്കുന്നതിന് മുമ്പായി, സംസ്ഥാന സർക്കാർ ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയും സംസ്ഥാനത്തിന്റെ പ്രത്യേക സഹചര്യം അറിയിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) ബാങ്കിംഗ് റഗുലേഷൻ ഭേദഗതി നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് ഇളവുകൾ നൽകണമെന്നും, പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നവ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായി കത്തിടപാട് നടത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുമായി ഇക്കാര്യം സംസ്ഥാനത്തു നിന്നുള്ള എം.പി. മാരുടെ സമ്മേളനത്തിലും ചർച്ച ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**